എന്നെ
ശക്തനാക്കുന്നവനിലൂടെ
എല്ലാം ചെയ്യാൻ
എനിക്കു
സാധിക്കും

ഫിലിപ്പി 4,13

# വിചിന്തനം

ജൂൺ 2024

പുതിയ നിയമത്തിൽ നമ്മെ ഏറ്റവും പ്രചോദിപ്പിക്കുന്ന വിശ്വാസത്തിന്റെയും അതിജീവനത്തിന്റെയും ചില വാക്കുകൾ പൗലോസ് ശ്ലീഹ കുറിക്കുന്നത് പരീക്ഷണങ്ങളുടെയും സഹനങ്ങളുടെയും ഇടയിൽ നിന്നാണ്. തടവറയുടെ ചുവരുകൾക്കുള്ളിലിരുന്ന് അദ്ദേഹം ഫിലിപ്പിയക്കാർക്ക് എഴുതുകയാണ്, ''എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും''(ഫിലിപ്പി 4,13). നിറഞ്ഞ സന്തോഷവും സംതൃപ്തിയും വിജയഭാവവും പ്രതിധ്വനിക്കുന്നതാണ് ഈ വചനം. പ്രതികൂലസാഹചര്യത്തിലും ദൈവത്തിന്റെ പരമാധികാരത്തിലുള്ള പൗലോസിന്റെ അചഞ്ചലമായ വിശ്വാസത്തിന്റെ സാക്ഷ്യം.

പൗലോസിന്റെ ജീവിതം കഷ്ടപ്പാടുകളും സഹനങ്ങളും നിറഞ്ഞതായിരുന്നു. തന്റെ ശുശ്രൂഷയിലുടനീളം അദ്ദേഹം പീഡനങ്ങളും തടവും ശാരീരിക ക്ലേശങ്ങളും നേരിട്ടു. എന്നാൽ ഇത്രയേറെ പരീക്ഷണങ്ങളിലൂടെ കടന്നുപോയിട്ടും ക്രിസ്തുവിൽ മാത്രം സന്തോഷം കണ്ടെത്തി പൗലോസ് തന്റെ വിശ്വാസത്തിൽ ഉറച്ചുനിന്നു. ഫിലിപ്പിയർക്കുള്ള ലേഖനത്തിൽ അദ്ദേഹം ഇങ്ങനെ എഴുതുന്നു, ''ഏതു സാഹചര്യത്തിലും സംതൃപ്താനായിരിക്കാൻ ഞാൻ പഠിച്ചിട്ടുണ്ട്. എളിയ നിലയിലും സമൃദ്ധിയിലും ആയിരിക്കാൻ എനിക്കറിയാം. ഏതു സാഹചര്യത്തിൽ കഴിയാനും ഞാൻ പരിശീലനം നേടിയിട്ടുണ്ട് സുഭിക്ഷത്തിലും ദുർഭിക്ഷത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും.''(ഫിലി 4, 11-12). ഇതിന്റെ തുടർച്ചയായാണ് ''എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും''എന്ന പൗലോസിന്റെ പ്രഖ്യാപനം.

ഈ വാക്യം ക്രൈസ്തവർക്ക് വളരെ പരിചിതമാണെങ്കിലും പലപ്പോഴും ഇത് തെറ്റായി മനസ്സിലാക്കപ്പെടുകയും ഉപയോഗിക്കപ്പെടുകയും ചെയ്യുന്നുവെന്നത് വേദനാജനകമാണ്. ഏതുസമയത്തും ഫിലിപ്പിയക്കാർക്ക് ഉപയോഗിക്കാവുന്ന ഒരു മാന്ത്രിക വാചകമായല്ല പൗലോസ് ഇതു പറഞ്ഞത്. പകരം, ദൈവഹിതം എന്താണോ അതെല്ലാം ചെയ്യാൻ ക്രിസ്തു തനിക്കു ശക്തി നൽകുമെന്ന ഉറച്ച പ്രഖ്യാപനമാണിത്. മനുഷ്യന്റെ പരിശ്രമം ദൈവകൃപയോടു ചേർത്തുവയ്ക്കുമ്പോഴാണ് പൂർണമാകുന്നതെന്ന ജീവിതതത്വമല്ലേ ഇവിടെ യഥാർഥത്തിൽ പൗലോസ് പറഞ്ഞുവയ്ക്കുന്നത്?

'എനിക്ക് ചെയ്യാൻ സാധിക്കും' എന്നത് പൗലോസിന്റെ ധീരമായ ഒരു ഉറപ്പാണ്. എന്നാൽ ഈ ആത്മവിശ്വാസം അദ്ദേഹത്തിനു നൽകുന്നത് തന്നെ ശക്തിപ്പെടുത്തുന്ന ക്രിസ്തുവിന്റെ മറഞ്ഞിരിക്കുന്ന ശക്തിയാണ്. എല്ലാ സാഹചര്യത്തിലും സംതൃപ്തിയോടെ ജീവിക്കുക എന്നതാണ് ഈ വാക്യത്തിന്റെ പശ്ചാത്തലം. തന്റെ സംതൃപ്തിയുടെ നങ്കൂരം ക്രിസ്തുവുമായുള്ള ബന്ധത്തിലാണ് പൗലോസ് ഉറപ്പിച്ചിരിക്കുന്നത്. യഥാർഥ സംതൃപ്തി ബാഹ്യമായ സുഖസൗകര്യങ്ങളിലോ വസ്തുക്കളിലോ അല്ലെന്നും ദൈവത്തിന്റെ സാന്നിധ്യവും പരിപാലനവും നൽകുന്ന ഉറപ്പിലാണെന്നും പൗലോസ് മനസ്സിലാക്കിയിട്ടുണ്ട്.

സംതൃപ്തി എന്നതിനെ നാം മനസ്സിലാക്കുന്ന രീതിയെപ്പറ്റി വീണ്ടുവിചാരം നടത്താൻ പൗലോസിന്റ മാതൃക നമ്മെ വെല്ലുവിളിക്കുകയാണ്. സുഖസൗകര്യങ്ങളും നേട്ടങ്ങളും ധനവുമെല്ലാമാണ് സന്തോഷം നൽകുന്നതെന്നു വിശ്വസിക്കുന്ന ലോകത്തിനു മുന്നിൽ യഥാർഥ സംതൃപ്തി ലൗകികമായ സാഹചര്യങ്ങളെ നിഷ്പ്രഭമാക്കുന്നതാണെന്ന സത്യം പൗലോസ് വിളിച്ചുപറയുന്നു. നമ്മുടെ സാഹചര്യങ്ങൾക്കപ്പുറത്ത് ദൈവത്തിന്റെ വിശ്വസ്തത മനസ്സിലാക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്യുമ്പോഴുണ്ടാകുന്ന ആഴമേറിയ സമാധാനമാണത്. കഷ്ടപ്പാടുകളുടെ സമയത്ത് സന്തോഷം നഷ്ടപ്പെടുന്ന അനുഭവം നമുക്കുണ്ടാകാം. അതുപോലെ, വലിയ നേട്ടങ്ങളുടെ

സമയത്തുപോലും സന്തോഷം നഷ്ടപ്പെടുന്നവരുമുണ്ട്. നമ്മുടെയെല്ലാം ജീവിതത്തിൽ സമൃദ്ധിയുടെയും ഇല്ലായ്മയുടെയും മേഖലകളുണ്ട്. ദൈവിക ജ്ഞാനത്താൽ നാം നയിക്കപ്പെടുമ്പോൾ നമ്മുടെ സമൃദ്ധിയും കുറവുകളുമെല്ലാം ആത്മീയ വളർച്ചയ്ക്കുള്ള സാധ്യതകളായി മാറും.

ജീസസ് യൂത്ത് എന്ന നിലയിൽ, നമ്മുടെ ആരോഗ്യം, ധനം, ശുശ്രൂഷ, വ്യക്തിബന്ധങ്ങൾ എന്നുവേണ്ട ഏതു മേഖലയിലും സമൃദ്ധിക്കുവേണ്ടി നാം ആഗ്രഹിച്ചേക്കാം. വളർച്ചയിലേക്കു നടന്നുനീങ്ങാനോ ആയിരിക്കുന്ന അവസ്ഥയെ പ്രശാന്തതയോടെ സ്വീകരിക്കാനോ ദൈവകൃപ നമ്മെ ശക്തിപ്പെടുത്തും. യഥാർഥ സംതൃപ്തിയുണ്ടാകുന്നത് നാം ദൈവകൃപയുമായി ഇടമുറിയാതെ സഹകരിക്കുമ്പോഴാണ്. അതേസമയം, യഥാർഥ ദൈവിക സംതൃപ്തിയെയും നമ്മുടെ മടിയിൽനിന്നും ഉപേക്ഷയിൽനിന്നും ജൻമമെടുക്കുന്ന സ്വയംകൃതമായ സംതൃപ്തിയെയും തമ്മിൽ വേർതിരിച്ചറിയേണ്ടതുണ്ട്. ദൈവത്തിനൊപ്പം യാത്ര ചെയ്യുമ്പോഴും നമ്മുടെ പരിമിതികളെ തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടാൽ ശത്രുവിന്റെ തന്ത്രങ്ങളിൽ നാം വീണുപോയേക്കാം. നമ്മുടെ ബലഹീനതയെ അവൻ ആകുലത, വിഷാദം, താരതമ്യങ്ങൾ എന്നിവയിലൂടെ മുതലെടുക്കും. ക്രിസ്തീയ ജീവിതത്തിൽ സംഭവിക്കേണ്ടത് മനുഷ്യനും ദൈവവും തമ്മിലുള്ള പങ്കാളിത്തമാണ്. ഇവിടെ ദൈവവും മനുഷ്യനും പൂർണമായി നൽകുന്നു. കൃപയും മനുഷ്യപ്രയത്നവും തമ്മിലുള്ള മനോഹരമായ ഒരു ഒത്തുചേരൽ.

നമ്മുടെ സമൃദ്ധിയിലും സംതൃപ്തി കണ്ടെത്താൻ പഠിക്കുക എന്നത് വലിയൊരു വെല്ലുവിളിയാണ്. ബുദ്ധി വൈഭവം കുറഞ്ഞവരെയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെയും വൈകാരിക പക്വതയില്ലാത്തവരെയുമൊക്കെ കാണുമ്പോൾ നമ്മുടെയുള്ളിൽ അഹന്തയും അവജ്ഞയുമെല്ലാം നിറഞ്ഞേക്കാം. അതുമല്ലെങ്കിൽ, ധനികരായിരിക്കുമ്പോഴും മറ്റുള്ളവരുമായുള്ള നിരന്തര താരതമ്യത്തിലൂടെ സംതൃപ്തി നഷ്ടപ്പെടുന്നവരുമുണ്ട്.

ഇനി തെല്ലാന്നു ശാന്തമാകാം, നമ്മുടെ ഹൃദയങ്ങളെ പരിശോധിക്കാം. നമ്മുടെ ജീവിതത്തിൽ യഥാർഥത്തിൽ നാം സംതൃപ്തരാണോ? അസംതൃപ്തിയുടെ ഈ ലോകത്ത് വെളിച്ചം പകരാൻ നമ്മുടെ സംതൃപ്ത ജീവിതത്തിനു സാധിക്കുമെന്നു മനസ്സിലാക്കാം. ദൈവപിതാവിന് തന്റെ മക്കൾ ഏതുസാഹചര്യത്തിലും ആനന്ദത്തോടെയും സംതൃപ്തിയോടും കഴിയണമെന്നാണ് ആഗ്രഹം. അതിനാൽ, ദൈവസാന്നിധ്യത്തിന്റെയും പരിപാലനയുടെയും ഉറപ്പിൽ, പൗലോസിന്റെ ആത്മവിശ്വാസത്തോടെയുള്ള പ്രഖ്യാപനം നമ്മുടേതുമാക്കാം. അവനോടൊപ്പം എനിക്കും എല്ലാം സാധിക്കും.

ബിജേഷ് പെരേര

ജീസസ് യൂത്ത് ഇന്റർനാഷണൽ മിഷൻ ടീമിന്റെ ഡയറക്ടർ ആയ ബിജേഷ്, ഭാര്യ ലിമിയയോടും മൂന്ന് മക്കളോടുമൊപ്പം ദുബായിയിൽ താമസിക്കുന്നു. അദ്ദേഹം ഐ ടി മേഖലയിൽ ജോലി ചെയ്യുന്നു.